**ആസ്ഥാനകാര്യാലയം,**
**ജയിൽ വകുപ്പ്, കേരളം**
**പൂജപ്പുര, തിരുവനന്തപുരം**

0471-2342532 keralaprisons@gov.in

---

**<u>നടപടികൾ</u>**

വിഷയം : ജയിലുകൾ - ആസ്ഥാനകാര്യാലയം – ജീവനക്കാര്യം - 16-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം - നിയമസഭാ കാര്യങ്ങളുടെ ഏകോപനത്തിനായി ശ്രീ. ബി. ദിനേശ്, ഡിഐജി ഓഫ് പ്രിസൺസ് (HQ), നെ നോഡൽ ഓഫീസറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : ആഭ്യന്തര (പി.എസ്) വകുപ്പിന്റെ 28.09.2026 തീയതിയിലെ നം. PS/138/2026-ആഭ്യന്തരം കത്ത്

---

**<u>ഉത്തരവ് നമ്പർ: KPCS/5293/2026-E1; തീയതി: 29-09-2026</u>**

---

12.10.2026-ന് ആരംഭിക്കുന്ന 16-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനവുമായി ബന്ധപ്പെട്ട് നിയമസഭാ ചോദ്യങ്ങൾ, ശ്രദ്ധക്ഷണിക്കലുകൾ, സബ്മിഷനുകൾ, അനൗദ്യോഗിക ബില്ലുകൾ, അടിയന്തര പ്രമേയങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ സമയബന്ധിതമായി ശേഖരിച്ച് സർക്കാരിന് ലഭ്യമാക്കുന്നതിനും ആവശ്യമായ ഏകോപന നടപടികൾ സ്വീകരിക്കുന്നതിനുമായി വകുപ്പുതലത്തിൽ ഒരു നോഡൽ ഓഫീസറെ നിയോഗിക്കണമെന്ന് പരാമർശ പ്രകാരം, നിർദ്ദേശിച്ചിട്ടുള്ളതാണ്.

2. മേൽ സാഹചര്യത്തിൽ, 16-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനവുമായി ബന്ധപ്പെട്ട നിയമസഭാ കാര്യങ്ങളുടെ ഏകോപനത്തിനും ജയിൽ വകുപ്പിലെ എൽ.എ. സെല്ലിന്റെ മേൽനോട്ട ചുമതല നിർവഹിക്കുന്നതിനുമായി ജയിൽ ആസ്ഥാനകാര്യാലയത്തിലെ ഡി.ഐ.ജി. ഓഫ് പ്രിസൺസ് (HQ) ശ്രീ. ബി. ദിനേശിനെ നോഡൽ ഓഫീസറായി നിയോഗിച്ച് ഉത്തരവാകുന്നു.

3. നിയമസഭാ സമ്മേളനവുമായി ബന്ധപ്പെട്ട വിവരങ്ങൾ, റിപ്പോർട്ടുകൾ, മറുപടികൾ എന്നിവ സമയബന്ധിതമായി ശേഖരിച്ച് സർക്കാരിന് ലഭ്യമാക്കുന്നതിനുള്ള ആവശ്യമായ നടപടികൾ നോഡൽ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

S Sreejith IPS
DIRECTOR GENERAL

Digitally signed by
Krishnaja K
Date: 29-09-2026
14:29:13

സ്വീകർത്താവ്: ശ്രീ. ബി. ദിനേശ്,
ഡിഐജി ഓഫ് പ്രിസൺസ്
(HQ),
ജയിലാസ്ഥാനകാര്യാലയം.

പകർപ്പ്: 1. അഡീഷണൽ ചീഫ് സെക്രട്ടറി,
ആഭ്യന്തരം (പി.എസ്.) വകുപ്പ്,
തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ജോയിന്റ് സെക്രട്ടറി,
ആഭ്യന്തരം (ബി) വകുപ്പ്,
തിരുവനന്തപുരം.
3.ജയിൽ ആസ്ഥാനകാര്യാലയത്തിലെ എല്ലാ
ഓഫീസർമാർക്കും/ജീവനക്കാർക്കും
4.ഒ.സി/എസ്.എഫ്